498 സ്കൂളുകളിലും ടി പദ്ധതി നടപ്പാക്കുകയുണ്ടായി. ഇതുവരെ ഈ പദ്ധതിക്കായി 76,06,579 രൂപ (എഴുപത്തി ആറ് ലക്ഷത്തി ആറായിരത്തി അഞ്ഞൂറ്റി എഴുപത്തി ഒൻപത് രൂപ) ചെലവഴിച്ചിട്ടുണ്ട്.

(സി) ഉണ്ട്. രണ്ടാം ഘട്ടത്തിൽ ഫിൽറ്റർ യൂണിറ്റുകൾ സ്ഥാപിക്കുവാനുള്ള നടപടി സ്വീകരിച്ചപ്പോൾ ജലത്തിന്റെ ഗുണനിലവാരം വളരെ മോശമായ സ്ഥലങ്ങളിൽ റിവേഴ്സ് ഓസ്മോസിസ് ഫിൽറ്റർ യൂണിറ്റുകൾ സ്ഥാപിച്ചാൽ മാത്രമേ കുടിക്കുവാൻ അനുയോജ്യമായ ജലം കിട്ടുകയുള്ളു എന്ന് മനസ്സിലായി. പ്രസ്തുത യൂണിറ്റുകൾ പ്രവർത്തിക്കുവാൻ വൈദ്യുതി ആവശ്യമാണ്. കൂടാതെ 40 ശതമാനത്തോളം വെള്ളം പാഴാവുകയും ചെയ്യും. ഈ കാരണത്താൽ ചില സ്കൂളുകളിൽ ഫിൽറ്റർ യൂണിറ്റുകൾ സ്ഥാപിക്കുവാൻ സ്കൂൾ അധികൃതർ വിയോജിപ്പ് പ്രകടിപ്പിച്ചു. ചില സ്കൂളുകളിൽ ഫിൽറ്റർ യൂണിറ്റുകൾ പ്രവർത്തിപ്പിക്കുവാൻ വർക്കിംഗ് ഹെഡ് ഇല്ലാത്തതിനാലും ഫിൽറ്റർ വയ്ക്കുവാൻ സാധിക്കാതെ വന്നിട്ടുണ്ട്.

ജലനിധി രണ്ടാംഘട്ട പദ്ധതി

201 (2756) ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ :
ശ്രീ. വർക്കല കഹാർ :
ശ്രീ. സി. പി. മുഹമ്മദ് :
ശ്രീ. സണ്ണി ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ജലനിധി രണ്ടാം ഘട്ട പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോ ; വിശദമാക്കുമോ ;

(ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാനുദ്ദേശിക്കുന്നത് ; വിശദാംശങ്ങൾ എന്തെല്ലാം ;

(സി) എന്തെല്ലാം തരത്തിലുള്ള ധനസഹായങ്ങളാണ് പദ്ധതി നടത്തിപ്പിനായി പ്രയോജനപ്പെടുത്തുന്നത് ; വിശദമാക്കുമോ ;

(ഡി) പദ്ധതി പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ടോ ; വിശദാംശങ്ങൾ എന്തെല്ലാം ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ജലനിധി രണ്ടാംഘട്ട പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ട്. 1022 കോടി രൂപ മുതൽമുടക്കി 2012-17 കാലയളവിൽ ഗ്രാമപഞ്ചായത്തുകളിൽ ജനകീയ പങ്കാളിത്തത്തോടെ കുടിവെള്ള ശുചിത്വ സൗകര്യങ്ങൾ ഒരുക്കുന്ന രണ്ടാംഘട്ട ജലനിധി പദ്ധതി സർക്കാർ ആവിഷ്കരിച്ച് നടപ്പാക്കിവരുന്നു. പദ്ധതിയുടെ ഒന്നാം ബാച്ചിൽ ആലപ്പുഴ, എറണാകുളം ഒഴികെ കേരളത്തിലെ ജില്ലകളിൽ നിന്നുമുള്ള ഗ്രാമപഞ്ചായത്തുകളിലും തുടർന്നുള്ള ബാച്ചുകളിൽ കാസർഗോഡ് കണ്ണൂർ, വയനാട്, മലപ്പുറം, കോഴിക്കോട്, പാലക്കാട്, കോട്ടയം, ഇടുക്കി, തൃശ്ശൂർ എന്നീ 9 ജില്ലകളിലെ തെരഞ്ഞെടുത്ത വിവിധ പഞ്ചായത്തുകളിലുമാണ് പദ്ധതി നടപ്പിലാക്കുന്നത്.

(ബി) പദ്ധതി നടപ്പാക്കുന്നതിലൂടെ ഗ്രാമീണ ജനതയ്ക്ക് ഗുണമേന്മയേറിയതും സുസ്ഥിരവുമായ കുടിവെള്ള ശുചിത്വ സൗകര്യങ്ങൾ ആവശ്യാധിഷ്ഠിതമായി വികേന്ദ്രീകൃത രീതിയിൽ ഒരുക്കുന്നതാണ് പദ്ധതിയുടെ പ്രാഥമിക ലക്ഷ്യം. മൂന്ന് ബാച്ചുകളിലായി 11.5 ലക്ഷത്തോളം പേർക്ക് സുരക്ഷിതമായ കുടിവെള്ളവും 6.9 ലക്ഷം പേർക്ക് ശുചിത്വ സംവിധാനങ്ങളും നടപ്പാക്കാൻ പദ്ധതി ലക്ഷ്യമിടുന്നു.

(സി) ജലനിധി ലോകബാങ്കിന്റെ സഹായത്തോടെ നടപ്പാക്കുന്ന പദ്ധതിയാണ്. പദ്ധതി നിർവ്വഹണത്തിനാവശ്യമായ തുകയിൽ 64 ശതമാനം ലോകബാങ്ക് വായ്പ മുഖേനയും 19 ശതമാനം സംസ്ഥാന സർക്കാർ നേരിട്ടും 12 ശതമാനം ഗ്രാമപഞ്ചായത്തും 5 ശതാമാനം ഗുണഭോക്തൃ സമിതികളും എന്ന കണക്കിന് സ്വരൂപിക്കുകയാണ് ചെയ്യുന്നത്.

(ഡി) ബാച്ച് 1-ലെ 20 ഗ്രാമ പഞ്ചായത്തുകളിലും ബാച്ച് 2-ലെ 63 ഗ്രാപഞ്ചായത്തുകളിലും പദ്ധതി പ്രവർത്തനങ്ങൾ വിവിധ ഘട്ടങ്ങളിലാണ്. ബാച്ച് 1-ൽ വലുതും ചെറുതുമായ 453 കുടിവെള്ള പദ്ധതികളും ബാച്ച് രണ്ടിൽ 62 ഗ്രാമ പഞ്ചായത്തുകളിലായി ഏകദേശം 1133 പദ്ധതികളുടെ നിർമ്മാണ പ്രവർത്തനങ്ങൾ നടന്നുവരുന്നു. ഇവയ്ക്ക് പുറമെ 12 പഞ്ചായത്തുകളിലായി 3 മൾട്ടി പഞ്ചായത്ത് പദ്ധതികളും നടപ്പിലാക്കുന്നുണ്ട്. 393 ചെറുകിട ജലവിതരണ പദ്ധതികൾ ഇതുവരെ പൂർത്തീകരിച്ചിട്ടുണ്ട്. ആയതിൽ 328 പദ്ധതികളിൽ ജലവിതരണം ആരംഭിച്ചിട്ടുണ്ട്. ഇതുവരെ 80,000-ത്തോളം ഗുണഭോക്താക്കൾക്ക് ഇതിന്റെ പ്രയോജനം ലഭിച്ചുകഴിഞ്ഞു.